"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - മുൻകാല എയ്ഡഡ് സ്കൂൾ സേവനം പരിഗണിച്ച സർക്കാർ സർവ്വീസിൽ പ്രൊബേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് ഹയർ ഗ്രേഡ് അനുവദിക്കുന്നത് - സ്പഷ്ടീകരണം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു വിദ്യാഭ്യാസ (ജെ.എ) വകുപ്പ്**

സ.ഉ.(കൈ) നം.74/2025/GEDN തീയതി,തിരുവനന്തപുരം, 26-04-2025

പരാമർശം:-
1. 23/03/1983 ലെ 26316/ജെ 1/80/പൊ.വി.വ നമ്പർ സർക്കുലർ
2. 19/01/1988 ലെ 495266/ജെ 1/85/പൊ.വി.വ നമ്പർ സർക്കാർ കത്ത്
3. 10/09/1990 ലെ 41730/ജെ 1/88/പൊ.വി.വ നമ്പർ സർക്കാർ കത്ത്
4. ധനകാര്യവകുപ്പിന്റെ 8.8.2008-ലെ 46/2008/ധന നം. സർക്കുലർ.
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 04/04/2024 ലെ ആർ 5/7339/ 2024/ഡി.ജി.ഇ നമ്പർ കത്ത്

**ഉത്തരവ്**

പൊതു വിദ്യാഭ്യാസ വകുപ്പിൽ അധ്യാപകരുടെ മുൻകാല എയ്ഡഡ് സ്കൂൾ സേവനം പരിഗണിച്ച സർക്കാർ സർവ്വീസിൽ ഹയർ ഗ്രേഡ് അനുവദിക്കുവാൻ പരാമർശം (3) പ്രകാരം വ്യവസ്ഥയുള്ളതാണ്. എന്നാൽ എയ്ഡഡ് സ്കൂൾ അധ്യാപകർ സർക്കാർ സ്കൂൾ സേവനത്തിൽ പ്രവേശിച്ചാൽ അവർ പ്രൊബേഷനിൽ ആയിരിക്കുമെന്നും തുടർന്ന് മുൻകാല എയ്ഡഡ് സേവനവും സർക്കാർ സേവനവും ചേർത്തു ഗ്രേഡിന് പരിഗണിക്കുന്നത് സർക്കാർ സേവനത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചതിനു ശേഷം മാത്രമേ സാധ്യമാകൂ എന്നും, ഇപ്രകാരം ലഭിക്കുന്ന ഗ്രേഡിന്റെ സാമ്പത്തികാനുകൂല്യം പ്രൊബേഷൻ പൂർത്തീകരിച്ച തീയതി മുതലേ സാധ്യമാകൂ എന്നും പരാമർശം (1), (2) എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. മാത്രമല്ല എയ്ഡഡ് സ്കൂൾ സേവനം പരിഗണിച്ച സർക്കാർ സേവനത്തിൽ ഗ്രേഡ് അനുവദിക്കുന്നതിന് പ്രൊബേഷൻ പൂർത്തീകരിക്കുന്നത് വരെ കാത്തിരിക്കേണ്ടതുണ്ടോ എന്ന സംശയത്തിന് OP(KAT) 30/2017 ലെ 14/06/2022 ലെ വിധിന്യായത്തിലൂടെ ബഹു. ഹൈക്കോടതിയും, TA-5072/2012 ലെ 28/09/2016 ലെ ഉത്തരവിലൂടെ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും എയ്ഡഡ് സ്കൂൾ സേവനം പരിഗണിച്ച സർക്കാർ സേവനത്തിൽ ഗ്രേഡ് അനുവദിക്കുന്നതിന് പ്രൊബേഷൻ പൂർത്തീകരിക്കുന്നത് വരെ കാത്തിരിക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കി ടി കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ ചട്ടപ്രകാരം മുൻകാല എയ്ഡഡ് സ്കൂൾ സർവ്വീസ് പരിഗണിച്ച് സർക്കാർ സർവ്വീസിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതി പ്രാബല്യത്തിൽ മാത്രമേ

ഹയർഗ്രേഡ് അനുവദിക്കാവൂ എന്ന് പരാമർശം (5) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതു വിദ്യാഭ്യാസ വകുപ്പിൽ അധ്യാപകരുടെ മുൻകാല എയ്ഡഡ് സ്കൂൾ സേവനം പരിഗണിച്ച് സർക്കാർ സർവ്വീസിൽ ഹയർ ഗ്രേഡ് അനുവദിക്കാവുന്നതാണെന്നും എന്നാൽ സർക്കാർ സേവനത്തിൽ പ്രൊബേഷൻ പൂർത്തിയാക്കുന്ന മുറക്ക് ടി തീയതി മുതൽ മാത്രമേ ഹയർ ഗ്രേഡ് അനുവദിക്കാനാകുവെന്നും ഇപ്രകാരം ലഭിക്കുന്ന ഗ്രേഡിന്റെ സാമ്പത്തികാനുകൂല്യം പ്രൊബേഷൻ പൂർത്തീകരിച്ച തീയതി മുതൽക്കേ സാധ്യമാകൂ എന്നും സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
അഡിഷണൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം), തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ &ഇ ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (06/02/2024 ലെ 2645525/പി.ആർ.സി എ 3/14/2023-ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ